ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: യോഗം വിളിക്കണമെങ്കിൽ വിളിക്കാം. പക്ഷേ പ്രധാനപ്പെട്ട പ്രശ്നം അതല്ല. ഇതിന്റെ സ്ക്രീനിംഗ് കമ്മിറ്റിയിൽ നിന്ന് ക്ലിയറൻസ് കിട്ടിയാൽ, അടുത്ത സ്റ്റെപ്പിലേക്ക് പോകുമ്പോഴാണ് ഇംപ്ലിമെന്റേഷൻ സ്റ്റേജിൽ എത്തുക. ഇംപ്ലിമെന്റേഷൻ സ്റ്റേജിലെത്തുമ്പോൾ നിശ്ചയമായും ജനപ്രതിനിധികളുടേയും എല്ലാവരുടേയും അഭിപ്രായങ്ങൾ ഉൾക്കൊള്ളും. ആവശ്യമാണെങ്കിൽ അതേക്കുറിച്ച് ചർച്ചകൾ നടത്തും.

IV. സബ്മിഷൻ

(1) ദേശസാൽകൃത നിയമത്തിൽ ഭേദഗതി വരുത്തി സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള നീക്കം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ കെ.എസ്.ആർ.ടി.സി. സ്ഥാപനത്തെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നീക്കമാണ് ഗവൺമെന്റ് വളരെ ധ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നതെന്ന ഉത്കണ്ഠാജനകമായ വസ്തുതയാണ് ഈ സഭയുടെ മുന്നിൽ എനിക്ക് വയ്ക്കാനുള്ളത്. 32 റൂട്ടുകളിൽ നിയമവിധേയമല്ലാത്ത പെർമിറ്റുകൾ നേടി സ്വകാര്യ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം-തേക്കടി, തിരുവനന്തപുരം-കുമളി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സ്വകാര്യ ബസ്സുകൾ സർവ്വീസ് നടത്തുകയാണ്. ദേശവൽകൃത നിയമത്തിൽ ഭേദഗതി വരുത്തി സ്വകാര്യ ബസ്സുടമകൾക്ക് പെർമിറ്റ് നൽകികൊണ്ട്, നിയമവിധേയമല്ലാത്തത് നിയമവിധേയമാക്കിക്കൊടുക്കാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. 32 റൂട്ടുകളിൽ അങ്ങനെ സ്വകാര്യ ബസ്സുടമകൾക്ക് നിയമവിധേയമായി പെർമിറ്റ് നൽകാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് ആകെ 64 റൂട്ടുകളിലായി 4200 സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതിന്റെ പകുതിയോളം വരുന്ന ദേശസാൽകൃത റൂട്ടുകളിൽ സ്വകാര്യ ബസ്സുടമകൾക്ക് പെർമിറ്റ് നൽകി ഈ സ്ഥാപനത്തെ തകർക്കാനാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നീക്കം. സ്വകാര്യ ബസ്സുടമകൾ അതിന് സഹായകമായ നിലയിൽ കോടതിയെ സമീപിച്ചെങ്കിലും കോടതി അതിനെ വിലക്കി; ഈ സ്ഥാപനം നിലനിൽക്കണമെന്നുള്ള നിലപാടാണ് ബഹുമാനപ്പെട്ട കോടതികളെല്ലാംതന്നെ സ്വീകരിച്ചിട്ടുള്ളത്. അവസാനം സുപ്രീംകോടതിയുടെ മുമ്പിൽ സ്വകാര്യ ബസ്സുടമകൾ കേസുമായി പോയിരിക്കുകയാണ്. അങ്ങനെ സ്വകാര്യ ബസ്സുടമകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ശ്രമവുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. കെ.എസ്.ആർ.ടി.സി.-യിൽ ഏതാണ്ട് 31,000 തൊഴിലാളികളാണ് പണിയെടുത്തുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽത്തന്നെ ഏതാണ്ട് മൂന്ന് ലക്ഷം ടിക്കറ്റുകളാണ് പ്രതിദിനം വിറ്റുവരുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് അൻപത് ലക്ഷത്തോളം ആളുകൾ സർക്കാരിന്റെ മേൽനോട്ടത്തിലുള്ള ഈ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തി കൊല്ലങ്ങളായി യാത്ര ചെയ്തുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനം നിലനിൽക്കുന്നതിന്റെ ഫലമായി, സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ യാത്രക്കാർക്കുവേണ്ടി ചില

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ പ്രതിബദ്ധത എന്നു പറഞ്ഞാൽ ഫീസ് കൺസഷനിൽ പോകുന്ന കുട്ടികൾ, അഗതികൾ, കണ്ണുകാണാൻ പാടില്ലാത്തവർ, അംഗവിഹീനരായ ആളുകൾ തുടങ്ങിയവർക്ക് സൗജന്യമായി സഞ്ചരിക്കാനുള്ള പാസ്സ്, എം.എൽ.എ.-മാർ, എം.പി.-മാർ, എക്സ് എം.എൽ.എ.-മാർ, എക്സ് എം.പി.-മാർ, സ്വാതന്ത്ര്യ സമര സേനാനികൾ എന്നിവർക്ക് പാസ്സ് തുടങ്ങിയ ചില സൗജന്യങ്ങൾ ഗവൺമെന്റുതന്നെ അനുവദിച്ചിട്ടുണ്ട്. ഈ സൗജന്യങ്ങൾ അനുവദിക്കുകവഴി പ്രതിവർഷം 145 കോടിയോളം രൂപയുടെ ബാധ്യതയാണ് കെ.എസ്.ആർ.ടി.സി. വഹിക്കുന്നത്. സർക്കാരാകട്ടെ നാല് കാശുപോലും കൊടുക്കുന്നില്ല. അതുപോലെ കെ.എസ്.ആർ.ടി.സി.-ക്ക് ആവശ്യമായ ബസ്സുകൾ വാങ്ങുന്നതിന് ജാമ്യം നിൽക്കാൻ പോലും ഈ ഗവൺമെന്റ് സന്നദ്ധമാകുന്നില്ല. അതേസമയംതന്നെ ഇന്ന് നിലനിൽക്കുന്ന ഈ സ്ഥാപനത്തെ തകർക്കാൻ സ്വകാര്യ ബസ്സുടമകൾ വളരെ ധൃതഗതിയിൽ ശ്രമിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്ന രണ്ട് മാസത്തിനുള്ളിൽ എന്തെങ്കിലുമൊന്ന് ഒപ്പിച്ചുകൊടുത്തിട്ട് പോകണമെന്നുള്ളതാണോ ഇതിന്റെ പിന്നിലുള്ള വ്യഗ്രത എന്ന് മനസ്സിലാകുന്നില്ല. ഏതായാലും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദശലക്ഷക്കണക്കായ ആളുകൾക്ക് ആശ്വാസം നൽകുന്ന ഒരു സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. എന്നത് അനിഷേധ്യമായ വസ്തുതയാണ്. അതുകൊണ്ട് ഭ്രാന്തമായ ഈ നീക്കത്തിൽനിന്ന് ഗവൺമെന്റ് പിന്തിരിയണം. ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വളരെ ഉത്കണ്ഠയും ആശങ്കയും ഉളവാക്കുന്ന വിധത്തിലാണ് സ്വകാര്യ ബസ്സുടമകൾക്ക് പെർമിറ്റ് നൽകി ഈ സ്ഥാപനത്തെ തകർക്കാൻ വേണ്ടിയുള്ള നീക്കത്തിൽ ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ വ്യക്തമായ നിലപാട് എന്താണെന്ന് ഈ സഭയെ അറിയിക്കണം. അത്തരം നീക്കത്തിൽ നിന്ന് ഗവൺമെന്റ് പിന്തിരിയണം എന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും പറയാനുള്ളത്.

ശ്രീ. ബിനോയ് വിശ്വം : സർ, ... സർ, ...

മി. ചെയർമാൻ : അങ്ങ് നോട്ടീസ് തന്നത് 22-ാം തീയതിയിലേക്കാണ് അഡ്മിറ്റ് ചെയ്തിരിക്കുന്നത്. ഇന്ന് ലിസ്റ്റ് ചെയ്തിട്ടില്ല. അങ്ങ് നോട്ടീസ് കൊടുത്തിട്ടുണ്ട്. പക്ഷേ പ്രതിപക്ഷനേതാവ് ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ അങ്ങ് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നുള്ളത് ഇവിടെ ഞാൻ പരാമർശിക്കുന്നു. അങ്ങനെയൊരു കീഴ്വഴക്കമില്ല. അങ്ങേയ്ക്ക് 22-ാം തീയതിയിലേക്കാണ് അഡ്മിറ്റ് ചെയ്തിരിക്കുന്നത്. പക്ഷേ സഭ നേരത്തെ പിരിയുന്നതുകൊണ്ട് അങ്ങയുടെ പേരുകൂടി ഇവിടെ പരാമർശിക്കുന്നു. പ്രതിപക്ഷ നേതാവ് ഉന്നയിച്ച അതേ വിഷയമാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) : സർ, ഈ സഭയിൽ ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന അംഗങ്ങളിൽ ഒരാളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്. അദ്ദേഹത്തോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ചോദിക്കട്ടെ, ശരിക്കും പഠിച്ചിട്ടാണോ അങ്ങ് ഈ വിഷയം സഭയിൽ അവതരിപ്പിച്ചത്? അല്ല. എനിക്ക് വളരെ വിനയത്തോടുകൂടി പറയാനുള്ളത് ബഹുമാനപ്പെട്ട പ്രതിപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

നേതാവ് ഇതിന്റെ വസ്തുതകൾ മനസ്സിലാക്കാതെ സി.ഐ.ടി.യു.-ന്റെ യൂണിയൻ നേതാവ് ശ്രീ. കെ. കെ. ദിവാകരൻ എഴുതിക്കൊടുത്തത് ഇവിടെ പറയുക മാത്രമാണ് ചെയ്തിരിക്കുന്നത്. അങ്ങ് പറഞ്ഞ വസ്തുത ശരിയല്ല ..... (ബഹളം) ..... ഞാൻ പ്രതിപക്ഷ നേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടാണ് പറയുന്നത് ഞാൻ പ്രതിപക്ഷ നേതാവിനെ അല്പമെങ്കിലും അപമാനിക്കത്തക്ക വിധത്തിൽ ഒരു പരാമർശവും നടത്തിയിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന നേതാവാണ് അദ്ദേഹം. ഒരു കാര്യം മനസ്സിലാക്കണം. കേരളത്തിൽ ഒരു പ്രൈവറ്റ് ബസ്സിനുപോലും പെർമിറ്റ് കൊടുക്കാനുള്ള അധികാരം മന്ത്രിക്കില്ല, ഗവൺമെന്റിനില്ല.

ഇവിടെ പറഞ്ഞതുകേട്ടാൽ തോന്നും പ്രൈവറ്റ് ബസുകൾക്ക് പെർമിറ്റ് കൊടുക്കാനുള്ള അധികാരം മന്ത്രിക്കും ഗവൺമെന്റിനും ഉണ്ടെന്ന്. ഈ ഗവൺമെന്റിനും മന്ത്രിക്കും ഈ അധികാരം ഇല്ല. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ ഒന്നേകാൽ വർഷത്തിനിടയിൽ ഒരു ബസ്സിനും പെർമിറ്റ് കൊടുക്കാനുള്ള നിർദ്ദേശം ഞാൻ കൊടുത്തിട്ടില്ല. അതുപോലെ ഒരു റൂട്ടും എക്സ്റ്റന്റ് ചെയ്യാനുള്ള നിർദ്ദേശവും കൊടുത്തിട്ടില്ല. അതിനുള്ള അധികാരമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മന്ത്രിയോട് അതിനുവേണ്ട നിയമഭേദഗതി കൊണ്ടുവരണമെന്നാണ് ഞാൻ പറഞ്ഞത്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): ഞാനതിലേക്ക് വരികയാണ്. ബഹുമാനപ്പെട്ട അങ്ങ് ശ്രദ്ധിക്കണം. ഞാനാദ്യം അങ്ങ് സൃഷ്ടിച്ച പുകമറയിലേക്ക് കടന്നുവെന്നേയുള്ളൂ. ഇവിടെ സംഭവിച്ചിരിക്കുന്നത്, കഴിഞ്ഞ 40-45 വർഷമായി കേരളത്തിൽ സ്വകാര്യ ബസുകൾ നിയമം ലംഘിച്ച് ഓടുകയാണ്. അതിനെ സംബന്ധിച്ചിടത്തോളം ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്തു. അന്ന് ഹൈക്കോടതി പ്രൈവറ്റ് ബസുടമകൾക്കെതിരായി വിധിച്ചു. പ്രൈവറ്റ് ബസുടമകൾ സുപ്രീംകോടതിയിൽ അപ്പീൽ കൊടുത്തു. സുപ്രീംകോടതി അപ്പീൽ സ്വീകരിച്ചുകൊണ്ട് സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ നിർദ്ദേശമുണ്ടായി. എന്നുപറഞ്ഞാൽ ഇന്ന് നിലനിൽക്കുന്നത് അതേപടി നിലനിർത്തണം. 2005 അവസാനം ഗവൺമെന്റിനോട് ചോദിച്ചു ഇതിൽ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന്? കേരളത്തിൽ 32 സ്കീമിൽ ഉൾപ്പെടുന്ന ഏതാണ്ട് 7000-ത്തോളം പ്രൈവറ്റ് ബസ്സുകളെ ഒറ്റയടിക്ക് നിർത്തിയിട്ട് പകരം കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓടിക്കാൻ സാധിക്കുമോയെന്നാണ് ചോദിച്ചിരിക്കുന്നത്. സ്ഥിരബുദ്ധിയുള്ള ഏതെങ്കിലും ഒരു മന്ത്രിക്ക് 7000 പ്രൈവറ്റ് ബസുകളെ നിർത്തി പകരം 7000 കെ.എസ്.ആർ.ടി.സി. ബസുകൾ ഓടിക്കാം എന്ന് പറയാൻ സാധിക്കുമോ? ഞാനല്ല ആര് മന്ത്രിയായിരുന്നാലും അതിന് കഴിയുമോ? കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി കൂടി മനസ്സിലാക്കണം. 4200 ഷെഡ്യൂളുകൾ ഉള്ള കെ.എസ്.ആർ.ടി.സി ഇന്ന് കഷ്ടിച്ച് 3800 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. ബസ്സുകളുടെ കുറവുകൊണ്ട് ദിവസവും 450-500 ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുകയാണ്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം കഴിഞ്ഞ 5 മാസത്തിനിടയ്ക്ക് കെ.എസ്.ആർ.ടി.സി. ഒരു പുതിയ ബസ്സുപോലും വാങ്ങിയിട്ടില്ല. ഒരുപക്ഷേ കെ.എസ്.ആർ.ടി.സി-യുടെ ചരിത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പൂർണ്ണമായി മനസ്സിലാക്കിയിട്ടല്ല പ്രതിപക്ഷനേതാവ് ഇത് ഉന്നയിച്ചത് എന്ന് ഞാൻ പറഞ്ഞത്. ഇപ്പോൾ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിരിക്കുന്നത്, ഈ 32 സ്കീമിലും 2005 നവംബർ മാസത്തിനുശേഷം ഒരു പെർമിറ്റ്പോലും കൊടുക്കാൻ പാടില്ല, ഇനി 32 സ്കീമിൽ എത്ര ബസ്സ് ആവശ്യമുണ്ടോ അതു മുഴുവൻ കെ.എസ്.ആർ.ടി.സി. ഓടിക്കും എന്ന തീരുമാനം സുപ്രീംകോടതിയെ അറിയിക്കാനാണ്. യഥാർത്ഥത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് അനുകൂലമായ ഒരു തീരുമാനമാണ് ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്ന് മാസമായി ഈ റൂട്ടിൽ ഒരു പെർമിറ്റും കൊടുത്തിട്ടില്ലായെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഒന്നുകൂടി പറയട്ടെ, ഈ സ്വകാര്യവ്യക്തികൾക്ക് എവിടെ നിന്നാണ് പെർമിറ്റ് കിട്ടിയത്? അത് ഏത് കാലഘട്ടത്തിലാണ് വന്നത്? പത്ത് നാൽപത്തഞ്ച് വർഷക്കാലമായി അവർ ഓടുകയാണ്. ഈ 45 വർഷത്തിനിടയ്ക്ക് കേരളത്തിൽ എത്രയോ പ്രാവശ്യം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നു. എന്തുകൊണ്ട് നിങ്ങൾ ഇത് നിലനിർത്തി? ഇത് ഒഴിവാക്കിക്കൊണ്ട് കെ.എസ്.ആർ.ടി.സി.-യെ.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : ഹൈക്കോടതിയിൽനിന്നും ലഭിച്ച സ്റ്റേയുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ്കോ മെയിന്റെയിൻ ചെയ്യാൻ എന്നുള്ള അടിസ്ഥാനത്തിലല്ലാതെ മുൻഗവൺമെന്റുകൾ പെർമിറ്റ് കൊടുത്തുവെന്ന് ഭംഗ്യന്തരേണ ബഹുമാനപ്പെട്ട അങ്ങ് പറയുകയുണ്ടായി. ഈ ഗവൺമെന്റ് പെർമിറ്റ് കൊടുത്തിട്ടില്ലായെന്നും പറയുന്നു. ശരി അത് വിശ്വസിക്കാം. എന്നാൽ തൊഴിലാളികളുടെ കൂലി, ബോണസ് ആനുകൂല്യം എന്നിവയെക്കാളേറെ അവരുടെ നിലനിൽപ്പിന്റെ പ്രശ്നമാണിത്. കെ.എസ്.ആർ.ടി.സി.-യിൽ ദേശവൽക്കരണം മാറ്റി സ്വകാര്യവൽക്കരണം വരുന്നതോടെ അവരുടെ നിലനിൽപ്പ് ഇല്ലാതാകും എന്നുള്ളതുകൊണ്ടാണ്, അവർ സമരത്തിന് നോട്ടീസ് തന്നിട്ടുള്ളത്. അങ്ങ് നേരത്തെ പറഞ്ഞു, അവർ ചോദിച്ച കാര്യങ്ങളൊക്കെ, അതായത് എം. പാനൽക്കാരെ സ്ഥിരപ്പെടുത്തി, മറ്റ് ആനുകൂല്യങ്ങൾ കൊടുത്തു, ഒന്നുമില്ലാത്തുകൊണ്ടാണ് ആവശ്യമില്ലാത്ത ഒരു പണിമുടക്കിലേക്ക് തൊഴിലാളികൾ പോകുന്നത് എന്ന്. ഇങ്ങനെ പറഞ്ഞുകൊണ്ട് തൊഴിലാളികളെ അവഹേളിക്കരുത്. തൊഴിലാളികളുടെ ജീവിതം തന്നെ അപകടപ്പെടുത്തുന്ന വിധത്തിൽ സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന ഉൽക്കണ്ഠാജനകമായ സ്ഥിതിയിലാണ് അവർ സമരത്തിന് നോട്ടീസ് തന്നത്. അതല്ലായെന്ന് ഗവൺമെന്റ് വ്യക്തമായും ശക്തമായും പ്രഖ്യാപിച്ചാൽ തൊഴിലാളികൾ പണിമുടക്കിന് പോകുമെന്ന് ഞാൻ കരുതുന്നില്ല.

ശ്രീ. എൻ. ശക്തൻ : ഒരു കാര്യം പറയട്ടെ. സപ്ലിമെന്റേഷൻ സ്കീം നടപ്പിലാക്കിയിട്ടുള്ള റൂട്ടുകളിൽ 2-11-2005 വരെയുള്ള ബസ്സുകളെ മാത്രം നിലനിർത്തുകയും അതിനുശേഷം ഈ മേഖലയിൽ ഒരു സ്വകാര്യബസ് പോലും പാടില്ല, അവിടെ മുഴുവൻ കെ.എസ്.ആർ.ടി.സി. ബസ് ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇത് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാനാണ് ; അല്ലാതെ നശിപ്പിക്കാനല്ല. ഈ കഴിഞ്ഞ 40-45 വർഷക്കാലത്തിനിടയ്ക്ക് കേരളത്തിൽ എത്രയോ പ്രാവശ്യം

LIBRARY ARCHIVES Kerala Legislative Assembly